# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1021</u>** **<u>05.03.2020 ൽ മറുപടിക്ക്</u>**

### <u>കണ്ണംകുന്ന് പാലം നിർമ്മാണം</u>

**<u>ചോദ്യം</u>**

**ശ്രീ.എൻ. ഷംസുദ്ദീൻ**

എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ കണ്ണംകുണ്ട് പാലം നിർമ്മാണത്തിന് ആവശ്യമായ ഡി.പി.ആർ. കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ നൽകിയിട്ടും പ്രസ്തുത പദ്ധതിക്ക് ഇതുവരെയും ഭരണാനുമതി ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

ബി) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി പ്രസ്തുത പാലം നിർമ്മിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

**<u>ഉത്തരം</u>**

**ജി സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും**
**വകുപ്പ് മന്ത്രി)**

എ) യും ബി) യും ഉണ്ട്. മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ കണ്ണംകുണ്ട് കോസ് വേയ്ക്ക് സമാന്തരമായി പുതിയപാലം നിർമ്മിക്കുവാൻ കിഫ്ബിയിൽ നിന്നും 2016-2017-ൽ 10 കോടി രൂപയ്ക്ക് അനുമതി ലഭിക്കുകയുണ്ടായി എന്നാൽ പുതിയ ഡിസൈൻ പ്രകാരം ഡി പി ആർ ഉണ്ടാക്കിയപ്പോൾ പാലത്തിന്റെ നിർമ്മാണചെലവ് 10 കോടി രൂപയിൽ താഴെ മാത്രമേ വരുന്നുള്ളു. 10 കോടി രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾക്ക് മാത്രമേ കിഫ്ബിയിൽ നിന്നും അനുമതി ലഭിക്കുകയുള്ളു. ആയതിനാൽ ബജറ്റ് 2018-19 ൽ 4 കോടിയുടെ എസ്റ്റിമേറ്റ് കണക്കാക്കിയ പാലത്തിനു 100 രൂപ ടോക്കൺ പ്രൊവിഷനാണ് അനുവദിച്ചിട്ടുള്ളത്. പൊതുമരാമത്ത് ഡിസൈൻ വിംഗിൽ നിന്നും ലഭിച്ച അലൈൻമെന്റിലൂടെ പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിന് ഭൂമി വിട്ടുകിട്ടുന്നതിനുള്ള പ്രയാസം നേരിട്ടപ്പോൾ സ്ഥലം എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം പുതിയ അലൈൻമെന്റ് തീരുമാനിക്കുകയും പ്രസ്തുത

അലൈൻമെന്റിലൂടെ വരുന്ന ഭൂമി വിട്ടുതരുന്നതിന് എല്ലാ ഭൂവുടമകളും സമ്മതപത്രം സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ പാലം നിർമ്മാണത്തിനായി 7.4880 കോടി രൂപയുടെ എസ്റ്റിമേറ്റ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് മതിയായ ഫണ്ടില്ലാത്തതിനാൽ നിരസിച്ചിരുന്നു. ടി പാലം നിർമ്മാണവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഭരണാനുമതി നൽകുവാൻ ആവശ്യമായ തുടർനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും ബഹു.എം,എൽ.എ കത്ത് നൽകിയിരുന്നു. ഇക്കാര്യം പരിശോധിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. പുതുക്കിയ ഡിസൈൻ പ്രകാരമുള്ള പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എന്നാൽ 2019-20 വർഷത്തിലും 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് നീക്കിവെച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് ലഭ്യമായതിനു ശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കണമെന്ന വിഷയം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ